1B2A22165

(Pages : 2)

Reg. No:..............................

Name: .............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM/BBA Degree Examination April 2022**

**BML2A08(2) – SahithyaPadanam – 2**

(2019 Admission onwards)

Time: 2.5 hours

Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. ''അപ്പോൾ വരേയ്ക്കവെരാവതില്ലാത്തവ-
രപ്രഫുല്ലാശയരപ്രശസ്തർ''
-സൂചിതമെന്ത്?
2. കൈരളിയെ പാടവഹീനയെന്നു പറയാൻ കഴിയാത്തതെന്തുകൊണ്ട്?
3. ''നെടുവീർപ്പിട്ടാളെന്നും കൈവരാത്തവയ്ക്കായി'' - വിശദമാക്കുക.
4. ഭരണമേറ്റെടുത്ത ദുഷ്യന്തൻ രാജ്യത്ത് ആദ്യമായി നടപ്പാക്കിയ പരിഷ്കാരമെന്തായിരുന്നു?
5. ''നിലതെറ്റാതെ നിന്നേൻ ധർമ്മത്തെ സ്മരിച്ചുകൊ-
ണ്ടുലയും മഴുത്തുമ്പിലൂന്നിയ മിഴിയുമായ്''
-ആര്? എപ്പോൾ?
6. ''അതൊരു പൊതു ധാരണയുടെ ചടങ്ങും ഹരവുമായി മാറിക്കഴിഞ്ഞിരുന്നു'' - വ്യക്തമാക്കുക.
7. ''കൊയ്തൊഴിഞ്ഞ പാടം പോലെ പരന്ന് ഫലശൂന്യമായ ഒരിടം'' - സൂചിതമെന്ത്?
8. പവിത്രയുടെ വിവാഹം വീട്ടിൽ വെച്ചു തന്നെ നടത്തണമെന്ന് ചന്ദ്രമോഹൻ തീരുമാനിക്കാൻ കാരണമെന്ത്?
9. ''ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണ്ങ്ങള്'' - വിശദമാക്കുക.
10. 'ഒരു സിന്ദുരപ്പൊട്ടിന്റെ ഓർമ്മ' എന്ന ലേഖനത്തിൽ സിന്ദുരപ്പൊട്ട് എന്നത് എന്തിനെ സൂചിപ്പിക്കുന്നു?
11. ക്രിസ്തിൻ അഹ്റോൻ ഇന്ത്യയിലെത്തിയതെന്തിന്?
12. മമ്മ എന്ന പാവക്കുട്ടിയെ നഷ്ടമായ കമലയ്ക്ക് അമ്മമ്മ നൽകിയ ഉപദേശമെന്ത്?
13. ''തുന്നുപൊട്ടി കക്കും കരളും ഊരിത്തെറിച്ചാൽ പാടു നിങ്ങക്ക് തന്ന്യാ'' - സന്ദർഭമെഴുതുക.
14. ''സ്വന്തം മണ്ണിൽ ശവമായി കിടക്കുന്നതൊരന്തസ്സുതന്ന്യാ'' - വിശദമാക്കുക.
15. ''രാജാവിന്റെ മോൻ രാജ്യം ഭരിക്കയല്ലാതെ വിമാനം പറപ്പിക്കാൻ പോവ്വോ'' - വ്യംഗ്യമെന്ത്?

**(15 x 2 = 30** പരമാവധി മാർക്ക് 25)

## Section B

**IL. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. ''ഒത്തു ചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ'' - എന്തൊക്കെ പ്രത്യേകതകളാണ് ഭാഷയിൽ ഒത്തു ചേർന്നിരിക്കുന്നത്?

17. ''പെണ്ണിന്റെ കാമത്തില് തെറ്റുകുറ്റം ചാർത്തിയാല് കായിനിയായ മണ്ണിനാ വിന'' - വിശദമാക്കുക.

18. ''എൻ നാടുചമയുമ്പോളെൻ പൗരർ മോദിക്കുമ്പോ-
ളെന്നെയോർക്കുന്നീ, ലെൻ തോൾഞെരിച്ച മഴുവേയും''
-ആശയം വ്യക്തമാക്കുക.

19. ''മേൽ പ്രസ്താവിച്ച വിധമാണ് ഞാൻ ആദിക്കു ശകുന്തളയും പിന്നീട് താതപുത്രിയുമായത്.'' ശകുന്തള പറയുന്ന തന്റെ ജീവിതകഥയെന്ത്?

20. പ്രണയം നഷ്ടപ്പെട്ടവളുടെ തിക്തവേദനയാണ് ക്രിസ്തിൻ അഹ്റോന്റെ വാക്കുകൾക്കുള്ളത്. പരിശോധിക്കുക.

21. മാർക്സിയൻ വിധിക്കനുസരിച്ച് ഒരു വിപ്ലവം ചരിത്രത്തിലെവിടെയും നടന്നിട്ടില്ലായെന്ന് ഒ.വി. വിജയൻ സമർത്ഥിക്കുന്നതെങ്ങനെ?

22. മുതലാളിത്തമെന്ന ഒറ്റ ജാതിയിൽ വിശ്വസിക്കുന്ന മനുഷ്യന്റെ മനസ്സിൽ ശ്രീനാരായാണഗുരുവിന്റെ ഓർമ്മപ്പാട് പോലും തുടച്ചുമാറ്റേണ്ട കറയായി മാറുന്നതാണ് 'മോദസ്ഥിതനായങ്ങു വസിപ്പു മലപോലെ' എന്ന കഥ. - പരിശോധിക്കുക.

23. രാവുണ്ണി തന്റെ മകനായ കേശവന് കടം വാങ്ങാൻ പഠിപ്പിച്ചു കാട്ടുക്കുന്നതെങ്ങനെ?

**(8 x 5 = 40** പരമാവധി മാർക്ക് 35)

## Section C

**IL. ഏതെങ്കിലും രണ്ടുചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. വർത്തമാന കാല സാമൂഹിക രാഷ്ട്രീയ വ്യവസ്ഥയോടുള്ള പ്രതികരണവും വിമർശനവുമാണ് 'ദുഷ്യന്തൻ മാഷ്' എന്ന കഥ. ചർച്ച ചെയ്യുക.

25. തന്റെ ഇടതുപക്ഷ മനസ്സിനേറ്റ ക്ഷതങ്ങളെ ഒരു നഷ്ടപ്രണയ വിഷാദം പോലെ തുറന്നെഴുതുകയാണ് 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ' എന്ന ലേഖനത്തിൽ ഒ.വി.വിജയൻ. - പരിശോധിക്കുക.

26. പി. എം. താജിന്റെ ആക്ഷേപഹാസ്യങ്ങൾക്ക് അടിയിലുള്ളത് ചിരിയും കരച്ചിലുമല്ല. അടങ്ങിക്കിടക്കാൻ കൂട്ടാക്കാത്ത അമർഷമാണ് - 'രാവുണ്ണി' എന്ന നാടകത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

27. 'സഫലമീയാത്ര' എന്ന കവിതയിലെ ജീവിത വീക്ഷണം വിശദമാക്കുക.

**(2 x 10 = 20**മാർക്ക്)

36

1B2A22166 (Pages : 2) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BAMC/CS/BVOC/GEOLOGY Degree Examination April 2022**

**BML2A08(3)/A08(M) – Baashayum Sahithyavum – 2**

(2019 Admission onwards)

Time: 2.5 hours Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. ''നിനക്ക് ഭുമിയുടെ ഉപ്പാകുവാൻ സർവ്വശക്തൻ തരുന്ന ഒരു അവസരമാണിത്'' - സുചിതമെന്ത്?
2. അഡ്രസ് എഴുതാൻ പഠിക്കലും അവിടെ ഒരു വലിയ വിദ്യാഭ്യാസമാണെന്ന് കഥാനായകൻ പറയാൻ കാരണമെന്ത്?
3. ഷോപ്പിങ്ങ് കഴിഞ്ഞു വന്ന സാന്ത്വന പത്മിനിയെക്കുറിച്ച് പറഞ്ഞ പരാതികൾ എന്തെല്ലാം?
4. ''അവൾക്ക് വീട് ഒരു ഭ്രാന്താണ്'' - ആർക്ക്? എന്തുകൊണ്ട്?
5. ''കാലൻ ശരീരത്തചന്റ നിന്ന് ജീവനെ എന്ന പോലെ വണ്ടി എന്നെ വലിച്ചു കൊണ്ടു പോവുകയായിരുന്നു'' - വക്താവാര്?
6. മോഹൻ കുമാരമംഗലത്തെ എം.എൻ. പാലൂർ അനുസ്മരിക്കുന്നതെങ്ങനെ?
7. എം.എൻ. പാലുരിന് ഇന്ത്യൻ എയർലൈൻസിൽ സാമാന്യത്തിലധികം സഹിക്കേണ്ടി വന്നതെന്തുകൊണ്ട്?
8. ഒരു കാൻസർ രോഗിക്ക് ഒട്ടും പാടില്ലാത്തതായി ചന്ദ്രമതി പറയുന്നതെന്ത്?
9. ''അന്ന് തന്നിട്ടു പോയത് അവിടുന്നങ്ങോട്ട് ജീവിക്കാനുള്ള ആത്മവിശ്വാസമാ'' - മജീദ് ഇങ്ങനെ പറയുന്ന സന്ദർഭമേത്?
10. ഗൾഫ് ന്യൂസിൽ നിന്ന് നാരായണനെ ഇന്റർവ്യൂ ചെയ്യാൻ വന്നതെന്തിന്?
11. ''എന്റെ പ്രാർത്ഥന കേട്ടു. തച്ചോളി അമ്പു പോലും ഇത്രേം കാലമോടിയിട്ടുണ്ടാവില്ല'' - സാരസ്യമെന്ത്?
12. ദേവയാനിയുടെ കയ്യിൽ പരീക്ഷിത്ത് എത്തിച്ചേർന്നതെങ്ങനെ?
13. ജടാധാരിമലയിലെ കുറ്റൻ ആൽ മരത്തിന് നാഗമരം എന്ന് പേര് വിളിക്കാൻ കാരണമെന്ത്?
14. വിവാഹമെന്ന സമ്പ്രദായത്തെക്കുറിച്ച് നീലകണ്ഠന്റെ സങ്കൽപമെന്ത്?
15. ഒന്നിച്ചു ജീവിക്കുന്നതിന് നീലകണ്ഠൻ ദേവയാനിയുമായുണ്ടാക്കിയ വ്യവസ്ഥയെന്ത്?

**(15 x 2 = 30പരമാവധി മാർക്ക് 25)**

## Section B

**IL.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. അമർജിത്തും മകൻ ജഗ്ഗിയും മഠത്തിൽ എത്തിച്ചേരാനിടയായ സാഹചര്യമെന്ത്?
17. വല്ല്യച്ഛന് പത്മിനിയെക്കുറിച്ചുള്ള വേവലാതികൾ എന്തെല്ലാം?
18. ആത്മഹത്യ എന്ന തീരുമാനത്തിലേക്ക് നീലകണ്ഠനെ പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാം?
19. സ്വർഗ്ഗം എന്ന പേര് അന്വർത്ഥമാക്കിയിരുന്ന ആ നാടിന്റെ പ്രത്യേകതകളെന്തെല്ലാം?
20. കാലദൂതന്മാർ മനുഷ്യാത്മാവിനെ നരകത്തിലേക്ക് കൊണ്ടുപോകുന്ന വഴിക്കുള്ള വൈതരണിയെപ്പറ്റി ചെറുകാട് സ്മരിക്കാനിടയായ സാഹചര്യമെന്ത്?
21. ഭാര്യയുടെ പ്രസവത്തോടനുബന്ധിച്ച് നഴ്സിങ്ങ് ഹോമിൽവെച്ച് എം.എൻ. പാലൂരിനുണ്ടായ ദുഃഖകരമായ അനുഭവം വിവരിക്കുക.
22. ''കൈവിരലിലൊട്ടിപ്പിടിച്ച ചക്കവെളിഞ്ഞീൻ പോലെയാണ് പേർഷ്യക്കാരന്റെ ജീവിതം. തട്ടിത്തെറിപ്പിക്കാൻ ശ്രമിക്കുന്തോറും പറ്റിപ്പിടിച്ചോണ്ടിരിക്കും'' - വിശദമാക്കുക.
23. ''നിങ്ങളൊരു ദിവസിട്ടൊരു ഷർട്ട് അലക്കാതെ കൊടുത്തുവിടോ?'' ഈ വാക്കുകളിൽ നിറയുന്ന വൈകാരികാവസ്ഥ വിശകലനം ചെയ്യുക.

(**8 x 5 = 40**പരമാവധി മാർക്ക് 35)

## Section C

**IL.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. തങ്ങൾക്ക് നഷ്ടപ്പെട്ടവയ്ക്ക് പകരം പിടിവള്ളികൾ തേടുന്ന മനുഷ്യ സ്വഭാവമാണ് 'പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ' എന്ന കഥ. വിശദമാക്കുക.
25. ആപത്തിൽ ആണ്ടു മുങ്ങിത്തുടിക്കുന്ന മനുഷ്യൻ ആശയുടെ വൈക്കോൽത്തുരുമ്പു കടന്നു പിടിച്ച് ആശ്വാസം കണ്ടെത്തുന്ന കാഴ്ചയാണ് ചെറുകാടിന്റെ 'പാവം മനുഷ്യൻ' എന്ന ആത്മകഥാഭാഗം - സമർത്ഥിക്കുക.
26. നമ്മുടെ പാരിസ്ഥിതിക ജാഗ്രതയ്ക്കുവേണ്ടിയുള്ള ഒരു നിലവിളിയാണ് 'എൻമകജെ' - ചർച്ച ചെയ്യുക.
27. പ്രവാസത്തിന്റെ ഉച്ചവെയിലിൽ അലിഞ്ഞു തീർന്ന ജീവിതത്തിന്റെ ഉൾത്തുടിപ്പുകളാണ് 'പത്തേമാരി' - വിവരിക്കുക.

(**2 x 10 = 20**മാർക്ക്)

1B2A22167 (Pages : 3) Reg. No:........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination April 2022**

**BML2B02 – Kadha Sahithyam**

(2019 Admission onwards)

Time: 2.5 hours Max. Marks : 80

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള പതിനഞ്ച് ചോദ്യങ്ങൾ**

**(പരമാവധി 25 മാർക്ക്)**

1. 'ക്ഷമിക്ക് മോനേ, മോൻ എല്ലാം പഠിക്കും' - ആര് ആരെയാണിങ്ങനെ സമാധാനിപ്പിക്കുന്നത് ?
2. സൗകര്യത്തിനു വേണ്ടി ഞാൻ നിനക്കൊരു പേരിടുകയാണ്, നടേശൻ - ആരുടെ പേരായിരുന്നു നടേശൻ ?
3. 'എത്ര കാലമായി നിന്നെ പിടിക്കാനായി ഞാൻ പതുങ്ങിപ്പതുങ്ങി നടക്കുന്നു' - ആര്? സന്ദർഭം വ്യക്തമാക്കുക.
4. കാസീമിന്റെ വീട്ടിൽ തോട്ടം പണിക്കു വന്ന രണ്ടു പേർ അവിടെ നിന്ന് ഓടിപ്പോവാനുള്ള കാരണമായി പറഞ്ഞത് എന്തായിരുന്നു ?
5. 'പുരാണ പ്രസിദ്ധമായ ദ്വാരക ഏതാണ്ട് ഇവിടെത്തന്നെ ആയിരിക്കണമെന്നു ഞങ്ങൾ തീർച്ചപ്പെടുത്തി' – ആരാണ് തീർച്ചപ്പെടുത്തിയത്?
6. 'ആ പ്രാണവേദനയ്ക്കിടയിലും ഒരു തീവ്രയാതന അവളുടെ ആത്മാവിനെ ദഹിപ്പിച്ചു കൊണ്ടിരുന്നു' - തീവ്രയാതന എന്തായിരുന്നു?
7. അതിഥികൾ പോയ ഉടനെ പവിത്രൻ ചന്ദ്രമോഹനോട് എടുത്ത് മാറ്റിയിടാൻ ആവശ്യപ്പെടുന്നതെന്ത്?
8. 'അതു കേട്ടപ്പോൾ മഖൻസിങ് വിളറിപ്പോയി' - ഏതു കേട്ടപ്പോൾ ?
9. വീട്ടുടമസ്ഥന് വേണ്ടാത്തതായ ഒരാൾ താൻ മാത്രമാണെന്ന് ബഷീർ പറയാൻ കാരണമെന്ത്?
10. അവസാനമായി റോസിക്കുട്ടിയോട് ദുരാത്മാവ് ആവശ്യപ്പെടുന്നതെന്ത്?

11. ദ്വാരകയിലെ രാജാവ് ദേവകിയുടെ പുത്രനാണ്, യശോദാപുത്രനായ കണ്ണനെയാണ് എനിക്ക് കാണേണ്ടത് -ആരുടെ വാക്കുകൾ ? ആരോട് ?

12. 'ഇത്രകാലം ധൈര്യത്തോടെ അനുഷ്ഠിച്ചു വന്ന ഒരു വ്രതം പെട്ടെന്ന് അവസാനിപ്പിക്കണോ'? അയാൾ എഴുതിയിരുന്നു - എന്തായിരുന്നു വ്രതം ?

13. 'സ്നേഹത്തിന്റെ ശ്രാദ്ധ'ത്തിലെ രേവതിയുടെ അപൂർവ്വരോഗമെന്തായിരുന്നു?

14. നാളെത്തന്നെ എന്താ ഇതിനു പ്രതിവിധീച്ചാല് ചെയ്യണെ' - എന്തിനുള്ള പ്രതിവിധിയെയാണ് സൂചിപ്പിക്കുന്നത് ?

15. 'അഭിനന്ദിക്കണോ കൈ കൊടുത്ത് അനുഗ്രഹിക്കണമോ' - എന്തു ചെയ്യണമെന്നറിയില്ല - സന്ദർഭമെന്ത്?

## SECTION B

**II ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള എട്ട് ചോദ്യങ്ങൾ**

**(പരമാവധി മാർക്ക് 35 )**

16. ബഷീർ സാഹിത്യത്തിന്റെ തനതു മുദ്രകൾ 'ജന്മദിന'ത്തിൽ തെളിയുന്നതെങ്ങിനെ ?

17. ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള തന്റെ വ്യത്യസ്ത സ്വപ്നങ്ങൾ കരടി സാധ്യമാക്കിയതെങ്ങനെ?

18. സ്വപ്നത്തിൽ കഥാനായകൻ കണ്ട ദ്വാരക കാഴ്ചകൾ എന്തെല്ലാമായിരുന്നു ?

19. കുമാരമേനോന്റെ ജീവിതയാത്ര തിരുവില്വാമലയിലെ പുരാതനമായ തറവാട്ടിൽ എത്തിച്ചേർന്നതെങ്ങനെ ?

20. 'മഖൻസിങ്ങിന്റെ അടച്ചിട്ട ഹൃദയത്തിൽ ഓർമ്മകളുടെ പുക പരന്നു' - മഖൻസിങ്ങിന്റെ ഓർമ്മകൾ എന്തെല്ലാമായിരുന്നു ?

21. ഇറച്ചിയേറ് ഇട്ടീര നേരിട്ടത് എപ്രകാരമായിരുന്നു? വിശദമാക്കുക.

22. 'പ്രേതഭാഷണ'ത്തിലെ പ്രേതത്തിന്റെ ആത്മഭാഷണങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക.

23. 'സ്നേഹം, സ്നേഹം എന്നു പറഞ്ഞ് തലയിട്ടുരുട്ടിയാൽ പോരാ, സുഖം കുറച്ചു പോട്ടെന്നു വയ്ക്കാനും കഷ്ടപ്പെടാനും മനസ്സുണ്ടാവണം' - ലില്ലിക്കുട്ടി ഇങ്ങനെ പറയാനിടയായ സാഹചര്യം വിവരിക്കുക

## SECTION C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

24. ബോധത്തിലും അബോധത്തിലും സമൂഹ മനസ്സിൽ അന്തർലീനമായിരിക്കുന്ന ജാതിബോധത്തെ പ്രത്യക്ഷവത്ക്കരിക്കുന്ന കഥയാണ് 'മോദിസ്ഥിതനായങ്ങു വസിപ്പു മല പോലെ ' - പരിശോധിക്കുക.

25. സവിശേഷമായ ആഖ്യാനശൈലിയും ഭാഷാപ്രയോഗവും പ്രമേയ സ്വീകരണവുമുള്ള കഥയാണ് 'തേൻ' ചർച്ച ചെയ്യുക.

26. 'സ്നേഹത്തിന്റെ ശ്രാദ്ധം' ഒ.വി.വിജയന്റെ രചനാരീതിയുടെ മൗലിക മുദ്രകൾ പതിഞ്ഞ കഥയാണ് - അപഗ്രഥിക്കുക

27. സ്ത്രീപുരുഷ കാമനകളുടെ ഗൂഢലോകങ്ങളെ ആവിഷ്ക്കരിക്കുന്നതിൽ കൃതഹസ്തനാണ് പുനത്തിൽ കുഞ്ഞബ്ദുള്ള - മലമുകളിലെ അബ്ദുള്ളയെ മുൻനിർത്തി വിശദീകരിക്കുക.

(2 x 10 = 20)

38

1B2A22168

(Pages : 1) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination April 2022**

**BML2C02 – Kerala Padanam – Madhyakala Keralam**

(2019 Admission onwards)

Time: 1.5 hours Max. Marks : 40

## I. ഒന്നോര ണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1 കേരളത്തിലെ ഏക മുസ്ലിം രാജവംശം ?

2 മണിപ്രവാളം എന്നാൽ എന്ത്?

3 ജാതിവ്യവസ്ഥിതിയും കേരളചരിത്രവും എന്ന ഗ്രന്ഥം എഴുതിയതാര് ?

4. കഥകളിയുടെ സാഹിത്യ രൂപം ?

5. മണ്ണാപ്പേടി എന്നാൽ എന്ത്?

6. മാമാങ്കം എന്നാൽ എന്ത്?

**(6x2 =12 പരമാവധി 10 മാർക്ക്)**

**II. താഴെപറയുന്നവയെ കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക**

7 മരുമക്കത്തായം

8. സ്മാർത്തവിചാരം

9. രേവതി പട്ടത്താനം

10. വടക്കൻപാട്ട്

11. ബ്രാഹ്മണാധിപത്യം

12 കൂത്ത്

**(6x4 =24 പരമാവധി 20 മാർക്ക്)**

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13 കേരളത്തിൽ നിലനിന്നിരുന്ന ജന്മിത്ത വ്യവസ്ഥയെകുറിച്ച്കുറിപ്പ്തയ്യാറാക്കുക

14 കേരള സംസ്കാരത്തിന് ഇസ്ലാം മതം നൽകിയ സംഭാവനകൾ വിശദീകരിക്കുക.

**(1x10=10 മാർക്ക്)**